മുൻഗണന നൽകി പരമാവധി സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാൻ നടപടിക ളെടുത്തിട്ടുണ്ട്. വരുമാനചോർച്ച തടയുന്നതിനും കൃത്യത പാലിക്കുന്നത് ഉറപ്പു വരുത്താനും ലൈൻ ഇൻസ്പെക്ടർ വിഭാഗം ശക്തിപ്പെടുത്തി. ദീർഘ ദൂര സർവീസുകളുടെ കാര്യക്ഷമമായ ഓപ്പറേഷനുവേണ്ടി പുതിയ ബസ്സുകൾ ഇത്തരം സർവീസുകൾക്കായി ഉപയോഗിച്ചുവരുന്നു. നാഷണൽ ഹൈവേ, എം.സി. റോഡ് എന്നിവയിലൂടെ കൂടുതൽ ദീർഘദൂര സർവീസുകൾ ഏർപ്പെ ടുത്തിയിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ് കോട്ടയം, കുമിളി, പാലക്കാട്, തൃശ്ശൂർ, കായംകുളം, പുനലൂർ, കുളത്തൂപ്പുഴ എന്നീ ദേശവൽകൃതമേഖലകളിൽ സ്വകാര്യ മേഖലയെ പൂർണ്ണമായും ഒഴിവാക്കികൊണ്ട് സർവ്വീസ് നടത്തുക യാണ്. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർവ്വീസുകളെ എ, ബി, സി, ഡി എന്നിങ്ങനെ നാലായി തരം തിരിച്ചിരിക്കുന്നു. എ, ബി വിഭാഗങ്ങളിൽപ്പെട്ട സർവ്വീസുകൾ മുടക്കം കൂടാതെ ഓപ്പറേറ്റ് ചെയ്യാൻ നടപടികളെടുത്തിട്ടുണ്ട്. ഒരു ഷെഡ്യൂളിന് രണ്ട് കണ്ടക്ടർമാരേയും രണ്ടു ഡ്രൈവർമാരേയും വീതം സ്ഥിരമായി അനുവദിക്കുന്ന "ബസ് ക്രൂമാറ്റേജ്" പദ്ധതി നടപ്പിൽ വരുത്തി. ഇതിന്റെ ഫലമായി സർവ്വീസുകളുടെ കൃത്യനിഷ്ഠയും കാര്യക്ഷമതയും വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഓപ്പറേറ്റിംഗ് വിഭാഗത്തിലെ ജീവന ക്കാർക്കുള്ള ഇൻസന്റീവ് സ്കീം കൂടുതൽ ആകർഷകമാക്കിയിട്ടുണ്ട്.

(ബി) ഡീസലിന്റേയും സ്പെയർ പാർട്ടുകളുടേയും വിലക്കും പ്രവർത്തന ചെലവും താങ്ങാവുന്നതിലധികം ഉയർന്ന സാഹചര്യത്തിലാണ് ബസ് ചാർജ്ജ് വർദ്ധിപ്പിക്കുവാൻ നിർബന്ധിതമായത്. എന്നാലും ലഭ്യമായ വിഭവ ശേഷിക്കനുസരിച്ച് ബസ് സ്റ്റേഷനുകൾ നവീകരിക്കാനും ബസ് സ്റ്റേഷ നുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താനും നടപടികളെടുത്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇല്ല. വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള സർവ്വീസു കൾ ഒരു കാരണവശാലും മുടക്കരുതെന്നും അവ കൃത്യനിഷ്ഠയോടെ ഓടി ക്കണമെന്നുമുള്ള കർശന നിർദ്ദേശം നിലവിലുണ്ട്.

11 (*221) ഓരോ വിളവിന്റെയും സ്ഥിതി വിവരക്കണക്ക്

ശ്രീ. കെ. സുധാകരൻ :
ശ്രീ. പി.ജെ. ജോയി :
ശ്രിമതി റോസമ്മ ചാക്കോ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തെ ഓരോ വിളവിന്റെയും സ്ഥിതിവിവര ക്കണക്ക് എടുക്കുന്നത് എപ്രകാരമാണ്;

(ബി) ഈ സ്ഥിതിവിവരക്കണക്കിലെ പാളിച്ചകൾമൂലം കാർഷിക ഉല്പാദനത്തിന്റെ യഥാർത്ഥ വിവരങ്ങൾ ലഭ്യമല്ലാത്തതുകൊണ്ട് പലപ്പോഴും വിപണിയിൽ വിലയിടിവ് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സ്ഥിതിവിവരക്കണക്ക് യാഥാർത്ഥ്യവുമായി ബന്ധപ്പെ ടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ)

(എ) സംസ്ഥാനത്ത് ബ്ലോക്കടിസ്ഥാനത്തിൽ പ്രധാനപ്പെട്ട ഓരോ വിളയും കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും വിളവ് ഉല്പാദനവും സാമ്പിൾ സർവ്വേയുടെ അടിസ്ഥാനത്തിലാണ് കണക്കാക്കുന്നത്.

(ബി) ഇല്ല.

(സി) ബാധകമല്ല.

12 (*222) തരിശു ഭൂമിയിൽ കൃഷിയിറക്കുവാൻ പദ്ധതി

ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള തരിശുഭൂമിയിൽ കൃഷിയിറക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്ന ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഓരോ പ്രദേശത്തിന്റെ പരിതസ്ഥിതിക്കും മണ്ണിനും അനുസൃതമായി ഏതെല്ലാം കൃഷി തരിശുഭൂമിയിൽ ഇറക്കുവാൻ കഴിയുമെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ കൃഷി വകുപ്പ് തയ്യാറാകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ)

(എ) ഉണ്ട്.

(ബി) കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ തരിശായി കിടക്കുന്ന ഭൂമിയിൽ കശുമാവ് കൃഷി ചെയ്യിക്കുന്നതിന്റെ ഭാഗമായി 1850 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കൃഷി ചെയ്യുന്നതിന് പട്ടികവർഗ്ഗ കൃഷിക്കാർക്ക് ഹെക്ടർ ഒന്നിന് 8200 രൂപയും മറ്റുള്ള കർഷകർക്ക് 5300 രൂപയും ധനസഹായം നല്കുന്നുണ്ട്.

തരിശ്ശായി കിടക്കുന്ന നെല്പാടങ്ങളിൽ കൃഷിയിറക്കുന്നതിനാവശ്യമായ ജലസേചന നിർഗമന അടിസ്ഥാന സൗകര്യം 100 ശതമാനം സഹായ നിരക്കിൽ ഏർപ്പെടുത്തുന്നുണ്ട്. കൂടാതെ ഉത്പാദനപ്രോൽസാഹനമായി ഹെക്ടറിന് 1000 രൂപ പ്രത്യേക സഹായധനമായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) തരിശുഭൂമിയിൽ ഏത് കൃഷിയാണ് ഉപയുക്തമെന്ന് മനസ്സിലാക്കി ആ കൃഷി ചെയ്യുന്നതിനുള്ള സഹായം നല്കുന്ന രീതിയാണ് കൃഷി വകുപ്പ് അനുവർത്തിച്ചുവരുന്നത് ഈ നടപടി ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly